പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4491 — 21.03.2018 ൽ മറുപടിക്ക്

## ആങ്കൈലോസിംഗ് സ്പോൺഡിലൈറ്റിസ്

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇരുപതിനും മുപ്പതിനും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളെ ബാധിക്കുന്നതും സ്ഥിരമായ വൈകല്യത്തിലേക്ക് നയിക്കുന്നതുമായ 'ആങ്കൈലോസിംഗ് സ്പോൺഡിലൈറ്റിസ്' എന്ന ഗുരുതര രോഗം ബാധിച്ചവർക്ക് സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാണോ എന്ന് അറിയിക്കാമോ; | (എ) & (ബി) | ആങ്കൈലോസിംഗ് സ്പോൺഡിലൈറ്റിസ് എന്നത് അജ്ഞാത കാരണങ്ങളാൽ ഉണ്ടാകുന്ന വാതരോഗം ആണ്. ചെറുപ്പക്കാരിൽ കണ്ടുവരുന്ന ഈ രോഗത്തിന് കൃത്യമായ ചികിത്സ ഇതുവരെ കണ്ടുപിടിച്ചിട്ടില്ല. വേദനയുടെ കാഠിന്യം കുറയ്ക്കുന്നതിനുള്ള മരുന്നുകളും ഫിസിയോതെറാപ്പിയുമാണ്. പ്രധാനമായും ഈ രോഗത്തിനുള്ള ചികിത്സാ വിധി. ഈ ചികിത്സ എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും സൗജന്യമായി ലഭിക്കുന്നുണ്ട്. |
| (ബി) | ഈ രോഗം ബാധിച്ചവർക്ക് മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ നിന്നും നൽകുന്ന ചികിത്സകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | | |
| (സി) | അതികഠിനമായ വേദനയുളവാക്കുന്നതും ഭീമമായ ചികിത്സാ ചെലവ് വരുന്നതുമായ ഈ രോഗം ഭേദപ്പെടുത്തുന്നതിനുള്ള ആന്റി.റ്റി.എൻ.എഫ് ബയോളജിക്കൽ ഡ്രഗ്സ് സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ? | (സി) | അപൂർവ്വ ഗണത്തിൽപെടുന്ന എല്ലാ രോഗങ്ങൾക്കും സർക്കാർ ആശുപത്രികളിൽ ചികിത്സയും മരുന്നും ലഭ്യമാക്കുന്ന തരത്തിൽ ചികിത്സാ വ്യാപ്തി വർദ്ധിപ്പികണമെന്നു തന്നെയാണ് സർക്കാർ നിലപാട്. ഭാരിച്ച സാമ്പത്തിക ബാധ്യത ഉണ്ടാകുന്ന ഇത്തരം ചികിത്സകൾ തുടർച്ചയായി നടത്തേണ്ടി വരുന്നത് രോഗത്തിനിരയാകുന്നവരെ ശാരീരികമായും മാനസികമായും സാമ്പത്തികമായും ദുരിതത്തിലേക്കാണ് എത്തിക്കുന്നത്. ജീവിതകാലം മുഴുവൻ ചികിത്സ തുടരേണ്ടി വരുന്നത് ഇതിന്റെ ആക്കം കൂട്ടുന്നുണ്ട്.<br>സർക്കാർ ആശുപത്രികളിൽ പൊതുവേ Essential Drug List ൽ ഉൾപ്പെട്ട മരുന്നുകളും കാരുണ്യാ ഫാർമസിയിലൂടെ ജീവൻ രക്ഷാ മരുന്നുകളുമാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നിരുന്നാലും ഈ വിഷയത്തിന്മേൽ സംസ്ഥാനസർക്കാരിന്റെ പരിമിതികളിൽ നിന്നുകൊണ്ട് സാധ്യമായ എല്ലാ ആശ്വാസ നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ